**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1119

14.6.2012ൽ
മറുപടിയ്ക്ക്

**പയ്യന്നൂർ - വെള്ളോറയിൽ മാവേലിസ്റ്റോർ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ ; | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം-കുറ്റൂർ പഞ്ചായത്തിലെ വെള്ളോറയിൽ മാവേലിസ്റ്റോർ അനുവദിക്കുന്നതിനായുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ; | എ) | ലഭിച്ചിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | ബി) | എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ മാതമംഗലത്ത് സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. വെള്ളോറയിൽ നിന്നും 4 1/2 കി.മീ അകലെയായി പെരുമ്പടവ് (ചപ്പാരപ്പറമ്പ് പഞ്ചായത്ത്) എന്ന സ്ഥലത്തും സപ്ലൈകോയുടെ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. പഞ്ചായത്തിൽ നിന്നും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാദ്ധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ